PAN/6088/2021-E4(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം - 695003**
directorofpanchayatsestt@gmail.com
**0471-2786326** **തീയതി : 03/07/2022**

**നോട്ടീസ്**

വിഷയം: പഞ്ചായത്ത് വകുപ്പ് -പാലക്കാട് ജില്ല- കോട്ടായി ഗ്രാമപഞ്ചായത്ത്- സീനിയർ ക്ലാർക്ക്- ശ്രീ. റോയി ഫെർണാണ്ടസിനെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:

1. 23.05.2018 തീയതിയിലെ ഇ 5-38675/17 നമ്പർ ഉത്തരവ്.
2. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.04.2021 തീയതിയിലെ DDP-PKD/1178/2021-E4 നമ്പർ കത്ത്.
3. 13.12.2013 തീയതിയിലെ ഇ 4-04/2012(1) നമ്പർ ഉത്തരവ്

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. റോയി ഫെർണാണ്ടസ് ആർ-ന് 13.12.2013 ലെ ഇ 4-04/2012(1) നമ്പർ ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം ലഭിച്ചിരുന്നുവെങ്കിലും 2008 മുതൽ 2016 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം ലഭിച്ചവരുടെ പരാമർശം(1) സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ല എന്നും, കരട്/അന്തിമ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ ടിയാന്റെ പേര് ഉൾപ്പെടാത്തത് ശ്രദ്ധയിൽപെട്ടിരുന്നില്ല എന്നും ആയത് മാപ്പാക്കി പരാമർശം (1) സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

പരാമർശം(2) അപേക്ഷയും ഉത്തരവുകളും പരിശോധിച്ചതിൽ ശ്രീ. റോയി ഫെർണാണ്ടസ് ആർ-ന് പരാമർശം(3) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതും, ടിയാൻ വകുപ്പുതല പരീക്ഷകൾ ജൂലൈ 2013 പ്രാബല്യത്തിൽ (PT -Jul2013, MOP- Jul-2010, AT- Jul 2013) പാസായിട്ടുള്ളതായും കാണുന്നു. ഫീഡർ കാറ്റഗറിയിൽ ജൂനിയറായ ശ്രീമതി സുജാത കെ.എം-ന് പരാമർശം(1) ഉത്തരവിൽ 2375 ആയി സ്ഥാനക്രമം നൽകിയിട്ടുള്ളതിനാൽ ശ്രീ. റോയി ഫെർണാണ്ടസ് ആർ ന് സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനക്രമം നൽകേണ്ടതായി ബോധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. റോയി ഫെർണാണ്ടസ് ആർ-ന് 01.01.2009 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോരിറ്റി പട്ടിക അന്തിമമാക്കിയ 23.05.2018 ലെ ഇ 5-38675/17 നമ്പർ ഉത്തരവ് പ്രാകാരമുള്ള പരാമർശം(1) ലിസ്റ്റിൽ സീനിയറായ ശ്രീ. സുനിൽ രാജൻ റ്റി.സി(2374) നുശേഷവും ജൂനിയർ ആയ ശ്രീമതി. സുജാത.കെ.എം (2375) ക്ക് മുമ്പിലായും ശ്രീ. റോയ് ഫെർണാണ്ടസിനെ 2374(1) എന്ന ക്രമനമ്പരായി ഉൾപ്പെടുത്താവുന്നതാണെന്ന് കാണുന്നു.

ഇപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ സഹിതം ആക്ഷേപം 15 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**H. DINESHAN IAS**
**DIRECTOR OF PANCHAYATH**

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(എല്ലാ ജീവനക്കാരും നോട്ടീസ് കണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്)
2. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും, (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. ശ്രീ. റോയി ഫെർണാണ്ടസ്.ആർ, കോട്ടായി ഗ്രാമ പഞ്ചായത്ത്, പാലക്കാട്
4. കോട്ടായി ഗ്രാമ പഞ്ചായത്ത് (പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
5. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
6. കരുതൽ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.07.03 11:31:32 IST
Reason: Approved